**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.5** 30.11.2015 ലെ മറുപടിയ്ക്ക്

# ട്രെയിൻ യാത്രക്കാരുടെ സുരക്ഷ

**ചോദ്യം**

ശ്രീ.എൻ.ഷംസുദ്ദീൻ

ശ്രീ.സി.മോയിൻ കുട്ടി

ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

ശ്രീ.എം.ഉമ്മർ

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല

(ബഹു.ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) | ട്രെയിൻ യാത്രക്കാരുടെ സുരക്ഷാ ഉറപ്പാക്കുവാൻ യാത്രക്കാരെയും പാസഞ്ചർ അസോസിയേഷൻ ഭാരവാഹികളേയും, റെയിൽവേ ജീവനക്കാരെയും, പോർട്ടർമാരെയും മറ്റ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജനയാത്ര സുരക്ഷാ കമ്മിറ്റി രൂപീകരിച്ച് ട്രെയിൻ യാത്രക്കാർക്ക് എതിരെ ഉണ്ടാകുന്ന ഉപദ്രവങ്ങളും ആക്രമണങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ഉടനെതന്നെ പോലീസിനെ അറിയിക്കുവാൻ ഏർപ്പാട് ചെയ്യും ഇത്തരം വിവരങ്ങൾ കിട്ടുന്ന സമയം തന്നെ ഡ്യൂട്ടിക്കാർ അടിയന്തിരമായി ഇടപ്പെട്ട് വേണ്ട സഹായ നടപടികൾ കൈക്കൊള്ളുകയും, നിയമാനുസൃതമായി കേസുകൾ രജിസ്റ്റർ ചെയ്ത് അനന്തര നടപടികളും ഊർജ്ജിതമായി കൈക്കൊണ്ട് വരുന്നു. വനിതാ കംപാർട്ടുമെന്റുകളിൽ വനിതാ യാത്രക്കാരുടെ സുരക്ഷയ്ക്കായി ലഭ്യതയ്ക്കനുസരിച്ച് വനിതാ പോലീസുകാരെ നിയോഗിച്ചിട്ടുള്ളതും കൂടാതെ വനിതാ കമ്പാർട്ടുമെന്റുകൾക്ക് സമീപമുള്ള കമ്പാർട്ടുമെന്റുകളിൽ പ്രത്യേകം പോലീസ് പട്രോളിംഗും നടത്തി വരുന്നു. ട്രെയിനുകൾ നിർത്തുന്ന അവസരങ്ങളിൽ കമ്പാർട്ടുമെന്റുകളുടെ അരികിലെത്തി പോലീസ് ഉദ്യോഗസ്ഥർ യാത്രക്കാരോട് വിവരങ്ങൾ ചോദിച്ചറിയുകയും മറ്റു നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നു. ട്രെയിനുകളിൽ കുറ്റക്കാർ ഉണ്ടോയെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചും അന്വേഷിച്ചും കണ്ടെത്തി നിയമാനുസൃതമായി എല്ലാ നടപടികളും കൈക്കൊണ്ടു വരുന്നു. അടിയന്തിര സാഹചര്യങ്ങളിൽ ജില്ലയിൽ നിന്നുള്ള ലോക്കൽ പോലീസിന്റെ സേവനവും ലഭ്യമാക്കുന്നുണ്ട്. റയിൽവേ പോലീസിനെ ട്രെയിനുകളിലും, പ്ലാറ്റ്ഫോമുകളിലും ബീറ്റ് ഡ്യൂട്ടിയ്ക്ക് |

| | | | |
|---|---|---|---|
| | | | നിയോഗിച്ചിട്ടുണ്ട്. മദ്യപർക്കും, സാമൂഹ്യവിരുദ്ധർക്കു മെതിരെ കർശന നടപടി സ്വീകരിച്ച് വരുന്നു. ട്രെയിനുകളിലും പ്ലാറ്റ് ഫോമുകളിലും ലഘുലേഖകളും, ഫീഡ് ബാക്ക് ഫോമുകളും തയ്യാറാക്കി യാത്രക്കാർക്ക് വിതരണം ചെയ്ത് അഭിപ്രായം സ്വരൂപിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ യാത്രക്കാരുമായി കൂടിക്കാഴ്ചകൾ നടത്തി യാത്രക്കാർക്ക് എതിരെ ഉണ്ടാകുന്ന ആക്രമണങ്ങൾ മുൻകൂട്ടി തടഞ്ഞും സുരക്ഷ ഒരുക്കിയും നിയമാനുസൃത നടപടികൾ കൈക്കൊണ്ട് വരുന്നു.<br>ട്രെയിൻ യാത്രക്കാർക്ക് എതിരെ ഉണ്ടാകുന്ന ഏത് അതിക്രമങ്ങൾക്കും മറ്റ് സംഗതികൾക്കും ഉടനടി ബന്ധപ്പെടുന്നതിന് റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിൽ ഒരു റെയിൽ അലർട്ട് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ഏത് സമയവും (24 മണിക്കൂറും) റെയിൽ അലർട്ട് നമ്പരായ 9846200100-ൽ ബന്ധപ്പെടാവുന്നതും, തൽസമയം തന്നെ നടപടികൾ സ്വീകരിക്കുന്നതു മാണ്. ടി നമ്പരുകൾ ട്രെയിനുകളിലും പ്ലാറ്റ്ഫോമു കളിലും, ലഘുലേഖകളിലും മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സിറ്റിസൺ ഹെൽപ് ഡെസ്ക് ട്രെയിൻ യാത്രക്കാരുടെ പരാതികൾക്ക് പ്രത്യേക പരിഗണന നൽകി തൽസമയ സഹായ നടപടികൾ കൈക്കൊണ്ടുവരുന്നു. |
| ബി | സംസ്ഥാനാതിർത്തിക്കുള്ളിൽ വച്ച് യാത്രക്കാർ കൊള്ളയ്ക്കും അക്രമത്തിനും വിധേയരാകുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി | ഇക്കാര്യത്തിൽ കൂടുതൽ മുൻകരുതൽ നടപടികൾ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) | നിലവിലുള്ള ഉദ്യോഗസ്ഥരെ പരമാവധി വിനിയോഗപ്പെടുത്തി കുറ്റകൃത്യങ്ങൾ തടയുന്നതിലേ യ്ക്കുള്ള ശ്രമങ്ങൾ നടത്തി വരുന്നു. പോലീസ് പട്രോളിംഗ് കൂടുതൽ ശക്തമാക്കിയും രഹസ്യ വിവരങ്ങൾ സ്വീകരിച്ചും ഇക്കാര്യത്തിൽ വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ട്രെയിനുകളിലും മുഴുവൻ സമയവും പട്രോളിംഗ്, മറ്റും നടത്തുന്നതിന് പോലീസിന്റെ അംഗബലവും ആയുധബലവും വർദ്ധിപ്പിക്കുന്നതിന് റയിൽവേയുടെ അനുവാദവും തീരുമാനങ്ങളും ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ.